# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 263 — 28/05/2019-ൽ മറുപടിക്ക്

### മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.സജി ചെറിയാൻ
,, കെ. ബാബു
,, ജോർജ് എം. തോമസ്
,, യു. ആർ. പ്രദീപ്

എ) സംസ്ഥാനത്ത് പ്രളയാനന്തരം പകർച്ചവ്യാധികളുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് സാധിച്ചതുപോലെ, മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

**മറുപടി**

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും കാര്യക്ഷമമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെ "ആരോഗ്യജാഗ്രത 2019" പരിപാടിയുടെ പ്രവർത്തന കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" പ്രോഗ്രാം സംബന്ധിച്ച പ്രവർത്തനങ്ങളും നടത്തുന്നതിന് നിർദ്ദേശം നൽകുകയും അവ സംയുക്തമായും സമയബന്ധിതമായും നടത്തി വരികയുമാണ്. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ബഹു.മുഖ്യമന്ത്രി പ്രത്യേക യോഗം കൂടി വേണ്ട നിർദ്ദേശങ്ങൾ നൽകി. മെയ് മാസം ആദ്യവാരം ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാർ യോഗം വിളിച്ചു കൂട്ടി വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ വാർഡ് തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് ആരോഗ്യസേനകൾക്ക് രൂപം കൊടുത്തു. ഇതര വകുപ്പുകളുടെ ഏകോപനയോഗങ്ങളും വിവിധതലങ്ങളിൽ നടത്തിയിരുന്നു. ഏപ്രിൽ മെയ് മാസങ്ങളിലായി ബോധവത്കരണത്തിനും ജലശുദ്ധീകരണത്തിനുമായി വിവിധ കാമ്പയിനുകൾ നടത്തി. മെയ് 11, 12 തീയതികളിൽ മന്ത്രിമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ആരോഗ്യ - തദ്ദേശ ഭരണ വകുപ്പുകളുടെയും ആരോഗ്യസേനയുടെയും പങ്കാളിത്തത്തോടെ ശുചീകരണവും കൊതുകുറവിട

→

നശീകരണവും സംസ്ഥാനത്തുടനീളം നടത്തി. പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടികളും സ്വീകരിച്ചു വരുന്നു. ആശുപത്രി മാലിന്യ സംസ്കരണവും കാര്യക്ഷമമായി നടത്തി വരുന്നു.

| | |
|---|---|
| **ബി)** അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | **ബി)** ഉണ്ട്. പകർച്ചവ്യാധികൾ കൂടുതലായി ഉണ്ടാകുവാൻ സാധ്യതയുള്ള നഗര-പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും മറ്റും ദിവസവേതന വ്യവസ്ഥയിൽ തൊഴിലാളികളെ നിയോഗിച്ച് ആവശ്യമായ പരിശീലനം നൽകി, കൊതുക നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| **സി)** അവശ്യമരുന്നുകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **സി)** സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. നിലവിൽ അവശ്യമരുന്നുകളെല്ലാം തന്നെ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ഏതെങ്കിലും സാഹചര്യത്തിൽ അവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ തന്നെ ആയവ ലോക്കൽ പർച്ചേസ് മുഖേന ടി മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. |

സംസ്ഥാന ആരോഗ്യവകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ അവശ്യമരുന്നുകളുടെ വിതരണത്തിനായി നടപ്പു സാമ്പത്തിക വർഷം സ്വീകരിച്ച മുൻകൂർ നടപടികൾ ചുവടെ ചേർക്കുന്നു.

1. നടപ്പു സാമ്പത്തിക വർഷാരംഭം മുതൽക്കുതന്നെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും മരുന്നുകൾ എത്തിക്കണമെന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടു തന്നെ സംഭരണ പ്രക്രിയയ്ക്കു തുടക്കം കുറിച്ചു. 25.09.2018 ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സബ്കമ്മിറ്റി യോഗം ചേർന്ന് മരുന്ന് പട്ടികയ്ക്ക് അന്തിമരൂപം നൽകിയ ശേഷം ഇൻഡന്റ് ശേഖരണത്തിനായി ആരോഗ്യ വകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കൈമാറുകയുണ്ടായി.

തലത്തിൽ ഇ-ദർഘാസുകൾ ക്ഷണിച്ച് സാങ്കേതിക പ്രമാണ പരിശോധന, ഫാക്ടറി പരിശോധന, പ്രൈസ് ബിഡ് പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 2019 മാർച്ച് മാസം മുതൽ ലെറ്റർ ഓഫ് ഇൻഡന്റും, വിതരണോത്തരവുകളും (ഉദ്ദേശം 200 കോടി രൂപയുടെ വിതരണോത്തരവുകൾ അതായത് വാർഷിക ഇൻഡന്റിന്റെ 50%) നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു.

2. ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങൾ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടുകൂടി 08.03.2019 ന് പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പുനർദർഘാസിലൂടെ ലഭിച്ച വിതരണക്കാരിൽ നിന്നും മരുന്നു സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.
3. 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിലേയ്ക്ക് ആവശ്യമായ മരുന്നുകൾക്ക് യാതൊരുവിധത്തിലും ക്ഷാമം നേരിടാതിരിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനം (2019 ഫെബ്രുവരി മാസം) നൽകിയ വിതരണോത്തരവുകളിലൂടെ അവശ്യം വേണ്ട എല്ലായിനം മരുന്നുകളും സംഭരിച്ച് ആവശ്യമായ സ്റ്റോക്ക് ഉറപ്പാക്കിയിട്ടുണ്ട്.
4. ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്തതും എന്നാൽ ആശുപത്രികളിൽ വളരെ അത്യന്താപേക്ഷിതവുമായ മരുന്നുകൾ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | ശുചീകരണ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | ഡി) | വാർഡ്തല ആരോഗ്യശുചിത്വ സമിതികൾ ശാക്തീകരിച്ച് യോഗം ചേരുകയും ഓരോ വാർഡിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി ആരോഗ്യസേനകളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു. പ്രത്യേക ഗ്രാമസഭകളിൽ രോഗപ്രതിരോധ നിയന്ത്രണം സംബന്ധിച്ച കാര്യങ്ങൾ അവതരിപ്പിക്കുന്നു. ആരോഗ്യ സന്ദേശയാത്ര, പകർച്ചവ്യാധി പ്രതിരോധ കാമ്പയിനുകൾ പകർച്ചവ്യാധി സംബന്ധിച്ച ദിന/വാര/മാസാചരണങ്ങൾ തുടങ്ങിയവ നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണവും നടത്തുന്നു. കൂടാതെ പകർച്ചവ്യാധി സംബന്ധിച്ച കൈപ്പുസ്തകം, ലഘുലേഖകൾ, പോസ്റ്ററുകൾ, ഹോർഡിംഗുകൾ, സി.ഡി ഷോ, സെമിനാറുകൾ, ശില്പശാലകൾ, പത്ര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെയും ബോധവത്കരണം നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവ ബോധവത്കരണ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സമൂഹ മാധ്യമങ്ങളിലൂടെ വേണ്ട ബോധവത്കരണം നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**